# പതിനാലാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.T 1427 30.01.2018 ൽ മറുപടിക്ക്

### പട്ടികവിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ. ബാബു** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലുള്ള എറവാളൻ സമുദായത്തിലെ പട്ടികവിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് നല്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കുമോ; | (ബി) | കൊല്ലങ്കോട്-2 വില്ലേജിൽ ഉൾപ്പെട്ട ഹിന്ദു-ഇരവാലൻ ജാതിയിൽ ഉൾപ്പെട്ടവർക്ക് 2008 കാലഘട്ടം വരെ ഹിന്ദു-ഇരവാലൻ ജാതിയിൽ ഉൾപ്പെട്ട പട്ടിക വർഗ്ഗ സർട്ടിഫിക്കറ്റ് നൽകുവാൻ ശിപാർശ ചെയ്തുകൊണ്ടുളള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകി വന്നിരുന്നു. എന്നാൽ "കിർത്താഡ്സ്" ഡയറക്ടർ, കൊല്ലങ്കോട്-2 വില്ലേജിന്റെ പരിധിയിലുള്ള പട്ടിക വർഗ്ഗ ഇരവാലൻ സമുദായാംഗങ്ങളുടെ അവകാശവാദം പരിശോധിക്കുകയും, പരാതിക്കാരുടെ യഥാർത്ഥ ജാതി സംബന്ധമായ നരവംശ ശാസ്ത്ര അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാതിക്കാർ പട്ടിക വർഗ്ഗ ഇരവാലൻ ജാതിയിൽ ഉൾപ്പെട്ടവരല്ലെന്നും മറിച്ച് ഹിന്ദു-ചെറുമൻ പട്ടികജാതിയിൽ ഉൾപ്പെട്ടവരാണെന്നും പ്രസ്തുത ജാതിയുടെ ആചാരമനുസരിച്ച് ജീവിച്ച് വരുന്നവരാണെന്നും അറിയിച്ചിരുന്നു. അതിനാൽ ഇവർക്ക് ഹിന്ദു-ചെറുമൻ എസ്.സി ജാതി സർട്ടിഫിക്കറ്റ് നൽകാനെ നിർവ്വാഹമുള്ളു. മേൽ കാരണം കൊണ്ടാണ് 2008-ന് ശേഷം ഇവർക്ക് പട്ടിക വർഗ്ഗ ഇരവാലൻ ജാതി സർട്ടിഫിക്കറ്റ് അനുവദിയ്ക്കാതിരുന്നത്. |

| | | | |
|---|---|---|---|
| (സി) | സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ വിദ്യാഭ്യാസം, ജോലി, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക് തടസ്സങ്ങൾ നേരിടുന്നതിനാൽ പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് സർട്ടിഫിക്കറ്റ് നൽകാനാവശ്യവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | "കിർത്താർഡ്"-ന്റെ പഠന റിപ്പോർട്ടിൽ കൊല്ലങ്കോട്-2 വില്ലേജിൽ ഉൾപ്പെട്ട ചാത്തൻപാറ എന്ന സ്ഥലത്ത് ഉള്ള ഇരവാലൻ സമുദായക്കാരുടെ വിഷയത്തിൽ മാത്രമേ വിശദമായി പരാമർശിച്ചിട്ടുള്ളൂ. എന്നാൽ ടി വിഷയത്തിൽ കൊല്ലങ്കോട് -2 ൽ ഉൾപ്പെട്ട 9 ഊരുകളും എലവഞ്ചേരി വില്ലേജിന്റെ പരിധിയിലുള്ള 4 ഊരുകളിലുമായി 531 പേർ ഉൾപ്പെട്ടിട്ടുണ്ട്. 2017 ഡിസംബർ മാസത്തിൽ മേൽ പ്രദേശങ്ങൾ "കിർത്താർഡ്"-ന്റെ നരവംശ ശാസ്ത്ര വിഭാഗം സന്ദർശിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ "കിർത്താർഡ്" മുഖേന ശാസ്ത്രീയ അന്വേഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ഇതു സംബന്ധിച്ച് സ്പഷ്ടീകരണം നൽകുവാൻ പാലക്കാട് ജില്ലാ കളക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യം ഇപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**